**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**<u>പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 92. 02/03/2020-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | അമിതമായ ജോലിഭാരവും മേലുദ്യോഗസ്ഥരുടെ പീഢനവും മൂലമുള്ള മാനസിക സമ്മർദ്ദം കാരണം പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ എത്ര പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്തു; | (ബി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ 60 പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യയാണ് ഉണ്ടായിട്ടുള്ളത്. സ്വകാര്യ ജീവിതത്തിലെ താളപ്പിഴകളുടെയും മാനസിക പിരിമുറുക്കങ്ങളുടേയും ഭാഗമായാണ് ഈ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. |
| (സി) | പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതികൾ പ്രയോജനപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | പോലീസ് സേനാംഗങ്ങളുടെ ഡ്യൂട്ടി സമയ ക്ലിപ്തത ഇല്ലാത്തതിനാലും വിവിധ കേസന്വേഷണങ്ങളും ക്രമസമാധാന പ്രശ്നങ്ങളും അടിയന്തിര പ്രാധാന്യമുള്ള മറ്റു ഡ്യൂട്ടികളും സൂക്ഷ്മതയോടെയും തെറ്റുകൾ കൂടാതെയും ചെയ്തു തീർക്കേണ്ടി വരുന്നതിനാലും അവർക്കിടയിൽ മാനസിക സമ്മർദ്ദം ഉണ്ടായേക്കാവുന്നതാണ്. പോലീസ് സേനാംഗങ്ങളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി ജില്ലാതലത്തിൽ Mindful Life Management (MLM) എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം Stress Management ക്ലാസ്സുകളും യോഗാക്ലാസ്സുകളും ആത്മഹത്യാ പ്രവണത ഇല്ലാതാക്കാൻ കൗൺസിലിംഗും നടത്തി വരുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് മുന്നോടിയായി എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പോലീസ് സ്റ്റേഷനുകളിൽ ഗുണ്ടകൾ കടന്ന് ചെന്ന് പോലീസുകാരെ ഭീഷണിപ്പെടുത്തുന്ന സന്ദർഭം പോലും ഉണ്ടാകുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. അത്തരം പ്രവണതകൾ ശ്രദ്ധയിൽപെട്ടാൽ സത്വര നിയമ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ